"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് - വയനാട് ജില്ല - 2024-25 വർഷത്തെ സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര സാങ്കേതിക മേളക്ക് ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2362/2024/LSGD തീയതി,തിരുവനന്തപുരം, 04-12-2024

പരാമർശം:- അഖില കേരള സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര സാങ്കേതിക മേളയുടെ ജനറൽ കൺവീനർ സമർപ്പിച്ച 01.11.2024 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

2024-25 വർഷത്തെ സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര സാങ്കേതിക മേള സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ സുൽത്താൻ ബത്തേരി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ വച്ച് 2025 ജനുവരി 5,6 തിയ്യതികളിലാണ് നടത്താൻ നിശ്ചയിച്ചിരിക്കുന്നതെന്നും ഏകദേശം ഇരുപത് ലക്ഷത്തോളം രൂപ ചെലവ് വരുന്ന മേളയുടെ വിജയകരമായ നടത്തിപ്പിനായി വയനാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കണമെന്ന് അഖില കേരള സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര സാങ്കേതിക മേള ജനറൽ കൺവീനർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 വർഷത്തെ സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര സാങ്കേതിക മേളക്ക് വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് **8000/-രൂപ (എണ്ണായിരം രൂപ മാത്രം)** വീതവും, കൽപ്പറ്റ, മാനന്തവാടി നഗരസഭകളിൽ നിന്നും **10,000/- രൂപ (പതിനായിരം രൂപ മാത്രം)** വീതവും, മേളയുടെ ആതിഥേയരായ സുൽത്താൻ ബത്തേരി നഗരസഭയിൽ നിന്നും, വയനാട് ജില്ലാ പഞ്ചായത്തിൽ നിന്നും **25,000/- രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം)** വീതവും അവരവരുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹർഷ വി എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sindhumole K A

സെക്ഷൻ ഓഫീസർ

Date: 04-12-2024 17:20:12

പകർപ്പ് :- ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.